**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3990** **15-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകളിലെയും സൂപ്പർ മാർക്കറ്റുകളിലെയും ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിലുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും ഒരു സ്ഥിരം ജീവനക്കാരനെ നിയമിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സപ്ലൈകോയുടെ എല്ലാ റീട്ടെയിൽ ഔട്ട് ലെറ്റുകളിലും ഒരു സ്ഥിരം ജീവനക്കാരനെങ്കിലും ഉണ്ടായിരിക്കണമെന്നും വില്പന കൂടുതലുള്ള ഔട്ട് ലെറ്റുകളിൽ ഒന്നിൽ കൂടുതലാവാം എന്നും ഉള്ള പൊതുമാനദണ്ഡം സ്വീകരിക്കണമെന്ന ഉദ്ദേശത്തോടെയാണ് ഈ നിർദ്ദേശം നല്കിയിട്ടുള്ളത്.<br><br>ബഹു.ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി 29.04.2022 തീയതിയിൽ സപ്ലൈകോ കേന്ദ്രകാര്യാലയത്തിൽ വച്ച് നടത്തിയ അവലോകന യോഗത്തിലെ തീരുമാനപ്രകാരമാണ് മേൽ നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | ഈ വിഷയത്തിൽ തീരുമാനമെടുത്ത 29.04.2022 ലെ ബഹു. ഭക്ഷ്യവകുപ്പ് മന്ത്രിയുടെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 29.04.2022 തീയതിയിലെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.. |
| (സി) | ഓരോ മാവേലി സ്റ്റോറിലും സൂപ്പർ മാർക്കറ്റിലും നിലവിൽ എത്ര ജീവനക്കാരെ നിയമിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ എത്ര സ്ഥിരം ജീവനക്കാരാണ് നിലവിൽ ജോലി ചെയ്ത് വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഔട്ട് ലെറ്റുകളിൽ പരമാവധി രണ്ട് സ്ഥിര ജീവനക്കാരെ വരെ നിയമിക്കാം എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.<br><br>ഔട്ട് ലെറ്റുകളിൽ ആകെ 1754 സ്ഥിരം ജീവനക്കാരാണ് നിലവിൽ ജോലി ചെയ്ത് വരുന്നത്. |
| (ഡി) | സ്ഥിരം ജീവനക്കാരുടെ എണ്ണം കുറച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നതാണോ നയപരമായ തീരുമാനമെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്ഥിരം ജീവനക്കാരുടെ എണ്ണം കുറച്ച് താൽക്കാലിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന തീരുമാനം സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## 29/04/2022 സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ ബഹു.ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ മന്ത്രി നടത്തിയ അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ്

സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഡോ. സഞ്ജീവ് പട്ജോഷി IPS, ജനറൽ മാനേജർ ബി.അശോക്, വിവിധ വിഭാഗം മേധാവികൾ എന്നിവർ സംബന്ധിച്ച യോഗം രാവിലെ 9 മണിക്ക് ആരംഭിച്ചു.
സി. എം.ഡി ഏവർക്കും സ്വാഗതം ആശംസിച്ചു.

സപ്ലൈകോയുടെ പുതിയ വെബ് ആപ്പുകളായ 'NFSA', 'Estate' എന്നിവയുടെ ഉദ്ഘാടനം ബഹു. മന്ത്രി നിർവ്വഹിച്ചു. ഈ ആപ്പുകളുടെ പ്രവർത്തനം പൊതുജന ശ്രദ്ധയിൽ കൊണ്ടു വരാൻ നടപടി സ്വീകരിക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു. തുടർന്ന് സപ്ലൈകോയുടെ ഘടനയെയും പ്രവർത്തനത്തെയും പ്രതിപാദിക്കുന്ന പവർപോയിന്റ് പ്രസന്റേഷൻ യോഗത്തിൽ അവതരിപ്പിച്ചു.

സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ലാഭകരവും ആക്കി മാറ്റുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ ബഹു. മന്ത്രി യോഗത്തിൽ ഉദ്യോഗസ്ഥർക്ക് നൽകി. ബിസിനസ്സിൽ ഊന്നിക്കൊണ്ട് മുന്നോട്ടുപോകുന്ന സമീപനം സ്വീകരിക്കണം. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ചപാടില്ല. ഗൃഹോപകരണ വിൽപനയിൽ നല്ല ബ്രാൻറുകൾ ലഭ്യമാക്കണം. പോലീസ് ക്യാന്റീനിലും മറ്റും വിലകുറച്ച് ഇത്തരം ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നത് ഏത് രീതിയിലാണെന്ന് പരിശോധിച്ച് അപ്രകാരം പ്രാവർത്തികമാക്കാൻ കഴിയുമെങ്കിൽ അത് ചെയ്യണം.

സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളെ സംബന്ധിച്ച് വിശദമായ രേഖ തയ്യാറാക്കണം. ഈ സ്ഥലങ്ങൾ പ്രയോജനപ്പെടുത്താൻ പ്രായോഗികമായ പദ്ധതി നടപ്പിലാക്കണം.

വിൽപ്പനശാലകൾ വൃത്തിയും ആകർഷകത്വവും ഉള്ളതാക്കാൻ നടപടികൾ സ്വീകരിക്കണം.

അവശ്യവസ്തുക്കളുടെ ലഭ്യതയിലും വിൽപനയിലും ആണ് ഏറ്റവും ജാഗ്രത പുലർത്തേണ്ടത്. സബ്സിഡി നൽകുന്നതു വഴി ഉണ്ടാകുന്ന നഷ്ടം സപ്ലൈകോയുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കാതെ എങ്ങനെ കൈകാര്യം ചെയ്യാമെന്നത് സംബന്ധിച്ച് ഗൗരവമായ പഠനം ആവശ്യമാണ്.

സർക്കാരിൽ നിന്ന് അയച്ചു നൽകുന്ന നിവേദനങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണം.

എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ സ്റ്റോക്കിന് കൈകാര്യക്കിഴിവ് നല്കണമെന്നത് ന്യായമായ ആവശ്യമാണ്.

സപ്ലൈകോയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് തടസ്സമായിരിക്കുകയാണ്. ഓഡിറ്റ് യഥാസമയം പൂർത്തിയാക്കാൻ വേണ്ട സംവിധാനങ്ങൾ ആരംഭിക്കണം. ERP യുടെ പുരോഗതി മന്ത്രി ആരാഞ്ഞു. എത്രയും വേഗം ഇതു സംബന്ധിച്ച നടപടികൾ പൂർത്തീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

പുതിയ മാവേലിസ്റ്റോറുകൾ തുടങ്ങുമ്പോൾ വില്പനസാധ്യത പരിശോധിക്കണം.ആജീവനാന്ത കെട്ടിടവാടക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം നല്കണം എന്നാണ് സർക്കാർ നിലപാട്. മെഡിക്കൽസ്റ്റോറുകൾ വില്പന സാധ്യത ഉള്ളിടത്തേക്ക് മാറ്റി സ്ഥാപിക്കണം. ടെണ്ടർ സംവിധാനം ശക്തിപ്പെടുത്തുകയും സുതാര്യമാക്കുകയും വേണം.

യോഗം ചുവടെപ്പറയും പ്രകാരം സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയും അവ നടപ്പിൽ വരുത്തുന്നതിനുള്ള സമയ പരിധി നിശ്ചയിക്കുകയും ചെയ്തു.

**1.വിഷയം : അച്ചടക്ക നടപടി ഫയലുകൾ തീർപ്പാക്കുന്നത്.**

നടപടി :

ജീവനക്കാർക്കെതിരായ അച്ചടക്ക നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി അദാലത്ത് സംഘടിപ്പിക്കണം. ആദ്യമായി ആസ്ഥാനതലത്തിലും തുടർന്ന് മേഖലാതലത്തിലും ഇത് സംഘടിപ്പിക്കുന്നതാവും ഉചിതം.

സമയപരിധി :

ആസ്ഥാനതലത്തിൽ ഈ വിഷയത്തിൽ നിലവിവുള്ള ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ മെയ് 15 നകം ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിക്കുകയും വിശകലനം ചെയ്യുകയും വേണം. അതിന്റെ അടിസ്ഥാനത്തിൽ ജൂൺ മാസത്തിൽ ഫയൽ അദാലത്ത് നടത്തണം.

**2.വിഷയം : കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കൽ**

നടപടി :

ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഇതരഫയലുകളിലും (അച്ചടക്ക നടപടികൾ ഒഴികെയുള്ളവ) ഇപ്രകാരം അദാലത്ത് സംഘടിപ്പിച്ച് സത്വരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. സപ്ലൈകോയുടെ കരാറുകാർ, വിതരണക്കാർ, മറ്റുസ്ഥാപനങ്ങൾ ഇവയുമായിട്ടുള്ള വ്യവഹാരങ്ങൾ ഉൾപ്പെട്ട ഫയലുകൾക്ക് പ്രഥമപരിഗണന നൽകണം.

സമയപരിധി :

ഇതിനു മുന്നോടിയായി സപ്ലൈകോ ആസ്ഥാനത്ത് പെന്റിംഗായ മുഴുവൻ ഫയലുകളുടെയും പെന്റിംഗ് കാലയളവ് പ്രകാരമുള്ള വിശദാംശങ്ങൾ നിശ്ചിത പ്രൊഫോർമയിൽ മെയ് 20 ന് മുമ്പായി ശേഖരിക്കണം. തുടർന്ന് ജൂൺ മാസത്തിൽ അദാലത്ത് സംഘടിപ്പിക്കണം. മേഖലാ ആസ്ഥാനങ്ങളിൽ വച്ച് ചേരുന്നതായിരിക്കും സൗകര്യപ്രദം എങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. മേഖലാ ഓഫീസുകളിലെ പെന്റിംഗ് ഫയലുകളുടെ കാര്യം തുടർന്ന് ഇതേ മാതൃകയിൽ തീർപ്പാക്കാവുന്നതാണ്.

**3.വിഷയം : തുടർനടപടികളുടെ ഏകോപനം.**

നടപടി

സപ്ലൈകോയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ജനപ്രതിനിധികളിൽ നിന്നും സമൂഹത്തിലെ വിവിധ തുറകളിൽപെടുന്നവരിൽ നിന്നും ധാരാളം നിവേദനങ്ങളും പരാതികളും സർക്കാരിൽ ലഭിച്ചു വരുന്നുണ്ട്.ഇവയുടെ ഏകോപനത്തിനായി ഒരു Single Point Of Contact ആയി പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നു. ഇവയിലെ തുടർനടപടികളുടെ തൽസ്ഥിതിയും നടപടി റിപ്പോർട്ടും ലഭിക്കുന്നതിന് ഒരു സാങ്കേതിക സംവിധാനം ഒരുക്കണം. Google Spread Sheet അല്ലെങ്കിൽ Web based Software ഇതിനായി ഉപയോഗിക്കണം.

സമയപരിധി :

2022 ജൂൺ 15 നകം

**4.വിഷയം:സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ സ്ഥിതിവിവരം.**

നടപടി

1. ഇത്തരം മുഴുവൻ സ്ഥലങ്ങളുടെയും സ്ഥിതിവിവരരേഖ മൂന്ന് മാസത്തിനുള്ളിൽ തയ്യാറാക്കണം. അസ്സൽ പ്രമാണങ്ങൾ കേന്ദ്ര കാര്യാലയത്തിൽ ഭദ്രമായി സൂക്ഷിക്കണം.
2. ഇടപ്പള്ളിയിലുള്ള സ്ഥലത്ത് മികച്ച ഗോഡൗൺ ആരംഭിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യണം.
3. തമ്പാനൂരിലുള്ള കോഫി ഹൗസ് കെട്ടിടം നിൽക്കുന്ന സ്ഥലത്ത് ഒരു സമുച്ചയം നിർമ്മിക്കാനും വിൽപനശാല സ്ഥാപിക്കാനുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം.
4. സപ്ലൈകോയുടെ വെള്ളയമ്പലം പെട്രോൾ പമ്പിനോടു ചേർന്നുള്ള 2 സെൻറ് പുറംപോക്ക് പതിച്ചുകിട്ടാനുള്ള നടപടി സ്വീകരിക്കണം.
5. ചാലക്കുടിയിലുള്ള സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാനുള്ള സാദ്ധ്യത പരിശോധിക്കണം.

സമയപരിധി :

2022 ജൂലൈ 15 നകം

**5.വിഷയം :ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കൽ**

നടപടി

1. 2018-19 വർഷത്തിലെ ഓഡിറ്റ് 31-05-2022 നുള്ളിലും 2019-20 ലേത് 30-09- 2022 നുള്ളിലും പൂർത്തീകരിക്കണം.

2.കൊമേഴ്സിൽ ഉന്നത വിദ്യാഭ്യാസയോഗ്യത ഉള്ള സപ്ലൈകോ ജീവനക്കാരിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ച് യോഗ്യരായവരെ ഉൾപ്പെടുത്തി ഒരു ആഭ്യന്തര ഓഡിറ്റ് വിംഗ് രൂപീകരിക്കുകയും ഇവർ എല്ലാ ഡിപ്പോകളിലും കാലികമായി ഓഡിറ്റ് നടത്തുന്ന സമ്പ്രദായം ആവിഷ്കരിക്കുകയും വേണം.

സമയപരിധി :

2022 സെപ്തംബർ 30 നകം

**6.വിഷയം :NFSA ഗോഡൗണുകളിൽ ജോലി ചെയ്യാനുള്ള ജീവനക്കാരുടെ വിമുഖത**

നടപടി

സിവിൽ സപ്ലൈസ് കമ്മീഷണറും സപ്ലൈകോ സി.എം.ഡി യും സീനിയോറിറ്റി അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കുകയും അതിൽ നിന്ന് കാര്യക്ഷമതയുള്ളവരെ NFSA ഡിപ്പോകളിൽ നിയമിക്കുകയും വേണം. NFSA ഡിപ്പോകളിലേക്ക് സ്ഥലം മാറ്റിയതിനെ തുടർന്ന് അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നവരുടെ വേതനം കട്ടുചെയ്യുകയും ശിക്ഷാ നടപടി സ്വീകരിക്കുകയും വേണം.

സമയപരിധി :

2022 ഓഗസ്റ്റ് 31നകം

**7.വിഷയം :പി.ഡി.എസ് ആട്ട വിതരണം സംബന്ധിച്ച്.**

നടപടി

1) റേഷൻ കടകളിൽ വിതരണം ചെയ്ത പി.ഡി.എസ് ആട്ട വിൽപന കാലാവധി കഴിഞ്ഞ് കെട്ടിക്കിടക്കുന്നതിനാൽ സിവിൽ സപ്ലൈസ് കമ്മീഷണറും സപ്ലൈകോ സി.എം.ഡി യുമായി കൂടിയാലോചിച്ച് ഇവ തിരിച്ചെടുത്ത് കാലിത്തീറ്റയാക്കാൻ ഉപയോഗിക്കുന്നതിന് നിശ്ചിത തുക വിലയായി കണക്കാക്കി മില്ലുകാർക്ക് അനുമതി നൽകേണ്ടതാണ്. GPS ഘടിപ്പിച്ച വാഹനത്തിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റിലെത്തിക്കേണ്ടതും വീണ്ടും ആട്ടയായി തിരിച്ച് വരാനുള്ള എല്ലാ സാധ്യതയും അടക്കേണ്ടതുമാണ്.

2) ആട്ട നിലവിലുള്ള പ്രകാരം എല്ലാ മാസവും ഒന്നാം തീയ്യതി മുതൽ പതിനഞ്ചാം തിയതി വരെയാണ്. ഇത് ഇരുപതാം തിയതി വരെയാക്കേണ്ടതാണ്.

3) സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള ആട്ട മില്ലുകളിൽ ആട്ടയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് NABL Accreditation ഉള്ള ലബോറട്ടറി 6 മാസത്തിനുള്ളിൽ സ്ഥാപിക്കുന്നതിന് നിർദ്ദേശം

നൽകേണ്ടതാണ്. ഓരോ ബാച്ച് ആട്ടയും ഈ ലാബിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം സപ്ലൈകോ സ്വീകരിക്കേണ്ടതാണ്.

4) ആട്ടയുടെ ഷെൽഫ് ലൈഫ് നിലവിലുള്ള രണ്ടുമാസം എന്നത് മൂന്നുമാസം ആക്കുന്നതിന് തീരുമാനിച്ചു.

സമയപരിധി :

2022 നവംബർ 30 നകം

**8.വിഷയം :വിൽപനശാലകളുടെ വൃത്തിയും ആകർഷകത്വവും സംബന്ധിച്ച്.**

നടപടി

നെയിം ബോർഡുകൾ റിപ്പയർ, പെയിന്റിംഗ്, കെട്ടിട വൈറ്റ് വാഷ്, പെയിന്റിംഗ് എന്നിങ്ങനെയുള്ള ജോലികൾ അടുത്ത ഓണത്തിന് മുമ്പ് പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചു.

സമയപരിധി :

ഈ വർഷം ഓണത്തിന് മുമ്പ്

**9.വിഷയം: വിൽപനശാലകളുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട കാര്യങ്ങൾ**

1) പുതിയതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകളുടെ ആജീവനാന്ത കെട്ടിട വാടക തദ്ദേശഭരണസ്ഥാപനം നൽകണമെന്നതാണ് സർക്കാർ നിലപാട്. ഇതിൽ കുറഞ്ഞ കാലയളവിലേക്ക് വാടക നല്കാമെന്നാണ് കരാറെങ്കിൽ വില്പനസാധ്യത സൂക്ഷ്മമായി പരിശോധിച്ച് മാത്രം തീരുമാനമെടുക്കേണ്ടതാണ്.

2) പുതിയ വില്പനശാല തുടങ്ങുമ്പോഴും വാടക വർദ്ധനവ് നല്കുമ്പോഴും നിരക്ക് സപ്ലൈകോ മാനദണ്ഡപ്രകാരമായിരിക്കണം. ആയതിൽ കൂടുതലാണെങ്കിൽ സി.എം.ഡി. യുടെ പ്രത്യേക അംഗീകാരം വാങ്ങേണ്ടതാണ്.

3) വില്പനശാലകളെ തരംതിരിച്ച് വില്പനലക്ഷ്യം (sales Target) നിശ്ചയിക്കണം. ആയത് നിരീക്ഷിക്കാനും പ്രതിമാസം അവലോകനം ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കണം. മാർക്കറ്റിംഗ് കൺസൽട്ടന്റായി യോഗ്യതയുള്ളവരെ നിയമിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

4) മാവേലിസ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും ഒരു സ്ഥിരം ജീവനക്കാരൻ മതി എന്ന പൊതുമാനദണ്ഡം സ്വീകരിക്കണം.

5) സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റിനോട് ചേർന്ന് ആരംഭിച്ച മെഡിക്കൽ സ്റ്റോറുകൾ വില്പന കുറവാണെങ്കിൽ അടച്ചിട്ട് ആശുപത്രി പരിസരങ്ങളിലേക്ക് മാറ്റണം. കഴിവതും സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടത്തിലേക്ക് മാറണം. ഇപ്രകാരം ശ്രീകാര്യത്തുള്ള മെഡിക്കൽ സ്റ്റോർ നല്ല കച്ചവടസാധ്യതയുള്ളിടത്തേക്ക് മാറ്റി സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

6) നെടുമങ്ങാട് കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ലഭ്യമായ സ്ഥലത്ത് കാർഷികോൽപന്നങ്ങൾ മൂല്യ വർദ്ധന വരുത്തി വിപണനം ചെയ്യാനുള്ള ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിക്കണം.

സമയപരിധി :

2022 സെപ്റ്റംബർ 30 ന് മുമ്പ്

**9.വിഷയം : ടെൻഡർ സംവിധാനം മെച്ചപ്പെടുത്തൽ**

നടപടി

ടെണ്ടർ നടപടി നിലവിലെ കർണ്ണാടക സർക്കാർ ഉടമസ്ഥതയിലുള്ള keonic പോർട്ടലിൽ നിന്ന് മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനുവേണ്ടി സംസ്ഥാനത്ത് ഒരു ഓൺലൈൻ e-tender platform ആരംഭിക്കുന്നതിന് ഐ.ടി വകുപ്പുമായും ഐ.ടി. മിഷനുമായും ആശയവിനിമയം നടത്തേണ്ടതാണ്.

സമയപരിധി :

2022 ഓഗസ്റ്റ് 31 നകം

**10.വിഷയം :ERP നടപ്പിലാക്കൽ സംബന്ധിച്ച്**

നടപടി

മെയ് മാസം 18-ന് ടെസ്റ്റിംഗ് പൂർത്തിയാക്കണം. ജൂൺ മാസത്തിൽ user trial and parallel run നടത്തണം.

സമയപരിധി :

2022 ജൂൺ 30 നകം

**11.വിഷയം : സപ്ലൈകോ വിൽപനശാലകളിൽ ലഭിക്കുന്ന പഞ്ചസാരയ്ക്ക് മധുരം കുറവാണ് എന്ന പരാതി സംബന്ധിച്ച്.**

നടപടി

ലാബ് പരിശോധന നടത്തി രണ്ടു മാസത്തിനകം റിപ്പോർട്ട് നൽകുക.

സമയപരിധി :

2022 ജൂൺ 30 നകം

**12.വിഷയം :പുതിയതായി പെട്രോൾ ബങ്ക് തുടങ്ങുന്നത് സംബന്ധിച്ച് .**

നടപടി

തിരുവല്ല പെട്രോൾ പമ്പിന്റെ കല്ലിടൽ 13/05/2022 നും വാഗമണ്ണിലെ പെട്രോൾ പമ്പിന്റെ കല്ലിടൽ 20/05/2022 ന് മുമ്പായും നടത്തേണ്ടതാണ്.

മറ്റുതീരുമാനങ്ങൾ

1.സപ്ലൈകോയുടെ കേന്ദ്രകാര്യാലയം മുതൽ ഡിപ്പോ തലം വരെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരും ഫോൺ നമ്പറും ഇ-മെയിൽ വിലാസവും ചുമതലകളും ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് വികസിപ്പിക്കണം. ഇത് സ്ഥലംമാറ്റമോ ചുമതലാമാറ്റമോ ഉണ്ടാകുമ്പോൾ auto update ചെയ്യപ്പെടുന്ന സംവിധാനം ഒരുക്കണം. പൊതുജനങ്ങൾക്കുൾപ്പെടെ ലഭ്യമാക്കണം. രണ്ടുമാസത്തിനകം ഇത് നടപ്പിൽ വരുത്തണം.

2.എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ സ്റ്റോക്കിന് കൈകാര്യക്കിഴിവ് (Handling Loss) ആയി 0.2% നൽകാൻ തീരുമാനിച്ചു.

3.നെയ്യാറ്റിൻകര ഡിപ്പോയിൽ ഗുണനിലവാരം ഇല്ലാത്ത കാരണത്താൽ മടക്കി നല്കിയ അതേ മുളക് തന്നെ പിന്നീട് നല്ല മുളക് മാറ്റി തന്നു എന്ന് തെറ്റായി രേഖപ്പെടുത്തി സ്വീകരിച്ചു എന്ന് വിജിലൻസ് ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്ന വിഷയത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് മന്ത്രിക്ക് നല്കേണ്ടതാണ്.

4.നിലവിൽ വിവിധ തസ്തികകളിലേക്കുള്ള ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തേണ്ടതില്ല.

യോഗം 10.30 ന് അവസാനിച്ചു.